## പതിമൂന്നാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1264 — 11.02.2016 ൽ - മറുപടിക്ക്

## റേഷൻ കാർഡ് വിതരണം

**ചോദ്യം**

ശ്രീ. വി. ശിവൻകുട്ടി :

(എ) തിരുവനന്തപുരം ജില്ലയിലെ നോർത്ത്, സൗത്ത് എന്നീ സിറ്റി റേഷനിംഗ് ഓഫീസ് പരിധിയിൽ വരുന്ന കാർഡുകൾക്ക് പുതിയ റേഷൻകാർഡ് ഏതു വർഷം ഏതുമാസം ഏതു തീയതിയിൽ ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) തിരുവനന്തപുരം നോർത്ത്, സൗത്ത് സിറ്റി റേഷനിംഗ് ഓഫീസുകളുടെ പരിധിയിൽ വരുന്ന കാർഡുടമകളുടെ മുൻഗണനാ/ മുൻഗണനേതര റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് അതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിക്കേണ്ടതുണ്ട്. ഇത് പരിഹരിച്ച് കഴിഞ്ഞ് മറ്റ് സാങ്കേതിക തടസ്സങ്ങൾ ഇല്ലെങ്കിൽ 2016 ഏപ്രിൽ 1-ന് മുമ്പ് ടി ഓഫീസുകളുടെ പരിധിയിൽ റേഷൻകാർഡ് വിതരണം പൂർത്തീകരിക്കുവാൻ കഴിയും. ഇപ്പോൾ നിലവിലുള്ള റേഷൻ കാർഡിൽ റേഷൻ ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും ഗുണഭോക്താവിന് ലഭിക്കും. പുതിയ താമസക്കാർക്ക് താൽക്കാലിക കാർഡുകൾ നൽകുന്നുണ്ട്. അതിനാൽ പൊതുജനങ്ങൾക്ക് മറ്റ് ബുദ്ധിമുട്ടുകൾ ഉണ്ടാവുന്നില്ല.

(signature)

സെക്ഷൻ ഓഫീസർ